**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1977** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവകലാശാലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ഷാഫി പറമ്പിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സുപ്രീംകോടതി വിധിയെത്തുടർന്ന് സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലർ പദവി ഒഴിഞ്ഞ വ്യക്തിക്ക് പകരം ചുമതലയേറ്റ താൽക്കാലിക വി.സി.യോടുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും സർവകലാശാലാ ജീവനക്കാരുടെയും നിസ്സഹകരണം കാരണം സർവകലാശാലാ ഭരണം സ്തംഭനത്തിലായിരിക്കുന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല പൂർണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ ഭരണ സ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വി.സി.ക്ക് ബിരുദ സർട്ടിഫിക്കറ്റുകളിൽ ഡിജിറ്റൽ ഒപ്പ് വയ്ക്കാനുള്ള സൗകര്യം ഒരുക്കാൻ രജിസ്ട്രാർ തയ്യാറാകാത്തതിനാൽ വിദ്യാർഥികളുടെ ബിരുദ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ് എന്ന ആരോപണത്തിന്റെ വസ്തുതയെന്താണെന്നു വിശദമാക്കുമോ; | (ബി) | സാങ്കേതിക സർവകലാശാലയിൽ നിന്നും നൽകിവരുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പാണ് പതിക്കുന്നത്. ഒരേ കാലയളവിൽ രണ്ടു വൈസ് ചാൻസലറുടെ ഒപ്പ് സർട്ടിഫിക്കറ്റുകളിൽ വരാതിരിക്കാൻ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറത്തു പോകേണ്ടി വന്ന വൈസ് ചാൻസലർ ഒപ്പിട്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ നിരാകീകരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഈ അവസ്ഥ നടാടെയായതിനാൽ സിസ്റ്റത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് കാലതാമസം എടുത്തിരുന്നു. പുതിയ വൈസ് ചാൻസലർ ചാർജെടുത്ത ശേഷം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുമ്പോൾ സാങ്കേതിക തകരാർ കാണിച്ചിരുന്നു. ഈ സാങ്കേതിക പ്രശ്നം കാരണം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങുകയുണ്ടായി. |
| (സി) | മൂല്യനിർണയം കഴിഞ്ഞ പരീക്ഷാഫലങ്ങൾപോലും പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | സാങ്കേതിക പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കപ്പെടാത്തതാണ് കാലതാമസത്തിനു കാരണം. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ഉപരിപഠനത്തിനും, മറ്റ് അത്യാവശ്യമായ ആവശ്യങ്ങൾക്ക് വേണ്ടി സർട്ടിഫിക്കറ്റ് അടിയന്തരമായി വേണ്ട വിദ്യാർഥികൾക്ക് എക്സ്പ്രസ്, ഫാസ്റ്റ് ട്രാക്ക് സൗകര്യങ്ങൾ ലഭ്യമായിരുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് സാവധാനം ആവശ്യമുള്ളവർക്ക് നോർമൽ മോഡ് ആയി അപേക്ഷിക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് എന്നിവ റിസൾട്ട് പരസ്യപ്പെടുത്തിയ ദിവസം തന്നെ വിദ്യാർത്ഥികൾക്ക് നേരിട്ട് എടുക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. കൂടാതെ വിദേശ പഠനത്തിനും ഉപരിപഠനക്കാർക്കും വേണ്ടി ട്രാൻസ്ക്രിപ്റ്റ്, ജെനുവിനിറ്റി സർട്ടിഫിക്കറ്റ്, ഇതര സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് എന്നിവ മുടക്കമില്ലാതെ വിദ്യാർഥികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ നഷ്ടപെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ